പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1214

08.02.2013-ൽ മറുപടി നൽകേണ്ടത്

# സീറോ ലാന്റ് ലെസ്സ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>,, ബാബു എം. പാലിശ്ശേരി<br>,, വി. ചെന്താമരാക്ഷൻ<br>ശ്രീമതി കെ. കെ. ലതിക | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂരഹിതരുടെ കണക്ക് ലഭ്യമാണോ; എല്ലാ ഭൂരഹിതർക്കും അപേക്ഷ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) 2015- ാം വർഷത്തോടുകൂടി കേരളത്തിനെ ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിലേക്കാണ് Zero landless (Citizens) Kerala - 2015 എന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 15.08.2012 -ൽ പ്രസിദ്ധീകരിച്ച ലിസ്റ്റ് പ്രകാരം 233232 ഭൂരഹിത കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ ഇതുവരെ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്ന ഭൂരഹിതരെക്കൂടി ഉൾപ്പെടുത്തുന്നതിനു വേണ്ടി അപേക്ഷ സമർപ്പിക്കാനുള്ള കാലാവധി 15.02.2013 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (ബി) സീറോ ലാന്റ് ലെസ്സ് പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് എത്ര അപേക്ഷാ ഫോറങ്ങളാണ് വിതരണം ചെയ്തിരുന്നത്; ഇതിൽ എത്ര അപേക്ഷയാണ് പൂരിപ്പിച്ച് തിരികെ ലഭിച്ചത്; ഇതിൽ പട്ടികജാതിക്കാരായ അപേക്ഷകർ എത്ര; പട്ടികവർഗ്ഗമെത്ര; | (ബി) സീറോ ലാന്റ് ലെസ്സ് പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് 458859 അപേക്ഷകളാണ് വിതരണം ചെയ്തിരുന്നത്. 308026 അപേക്ഷകൾ പൂരിപ്പിച്ച് തിരികെ ലഭിച്ചിട്ടുണ്ട്. ഇതിൽ 39312 പട്ടികജാതിക്കാരും 2841 പട്ടികവർഗ്ഗക്കാരും അപേക്ഷകരായി ഉണ്ട്. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം ഭൂരഹിതർക്ക് നൽകുന്നതിനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് നൽകാമോ; | (സി) അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് 3 സെന്റ് വീതം ഭൂമി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ തയ്യാറാക്കി വരുന്നതേ ഉള്ളൂ. |

| | |
|---|---|
| (ഡി) ഭൂരഹിതരായ പട്ടികവിഭാഗങ്ങൾക്ക് നൽകാനുദ്ദേശിക്കുന്ന ഭൂമിയുടെ അളവെത്ര;<br><br>(ഇ) ഭൂരഹിതരായ പട്ടികവിഭാഗങ്ങളെ കണ്ടെത്തി അവർക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി വീതം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) & (ഇ)<br><br>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് 3 സെന്റ് വീതം ഭൂമി നൽകാനാണ് നിലവിലുള്ള തീരുമാനം. |

സെക്ഷൻ ഓഫീസർ